ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM | പ്രധാനവാർത്തകൾ | DATE: 04.06.2026

1. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന ധവളപത്രം നിയമസഭയുടെ മേശപ്പുറത്ത് വെച്ചു. പൊളിറ്റിക്കൽ ഡോക്യുമെന്റെന്ന് പ്രതിപക്ഷ നേതാവ്. ധവളപത്രം തയ്യാറാക്കിയത് ധനവകുപ്പിന്റെ നേതൃത്വത്തിലെന്ന് മുഖ്യമന്ത്രി.

2. കടബാധ്യത 5.07 ലക്ഷം കോടിയെന്ന് ധവളപത്രം. മൂലധന ചെലവ് രാജ്യത്തെ ഏറ്റവും താഴ്ന്ന നിരക്കുകളിൽ ഒന്നെന്നും പരാമർശം.

3. വിദ്യാർത്ഥികളിൽ കാർഷിക അവബോധം വളർത്താൻ ലക്ഷ്യമിട്ടുള്ള 'കതിര്' പദ്ധതി നാളെ മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും.

4. എറണാകുളം മലയിടംതുരുത്ത് കുടിയൊഴിപ്പിക്കലിൽ ഈ മാസം 16 വരെ സാവകാശം അനുവദിച്ച് ഹൈക്കോടതി.

5. കൊച്ചിയിൽ H1N1 ബാധിച്ച് വയോധിക മരിച്ചു. പരിശോധന ഊർജിതം.

6. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്. ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

*****************************************************

RNU TVPM

## പി എം - വെനസ്വേല പ്രസിഡൻറ്

പ്രധാനമന്ത്രി നരേന്ദ്ര മോദി വെനിസ്വേലയുടെ ആക്ടിംഗ് പ്രസിഡന്റ് ഡെൽസി റോഡ്രിഗസുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഊർജ്ജ സുരക്ഷ, വ്യാപാരം, നിക്ഷേപം, ആരോഗ്യം ഉൾപ്പെടെയുള്ള മേഖലകൾ ചർച്ചയായി. വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായും വെനിസ്വേലയുടെ ആക്ടിംഗ് പ്രസിഡന്റ് ഇന്ന് കൂടിക്കാഴ്ച നടത്തി.
*****************************

## വി ഡി സതീശൻ (ഇൻട്രോ)

സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം മുഖ്യമന്ത്രി വി ഡി സതീശൻ നിയമസഭയുടെ മേശപ്പുറത്ത് വയ്ച്ചു. ധവളപത്രത്തിനെതിരെ പ്രതിപക്ഷം വിയോജിപ്പ് രേഖപ്പെടുത്തി. ധവളപത്രം പൊളിറ്റിക്കൽ ഡോക്യുമെന്റാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ കുറ്റപ്പെടുത്തി. രഹസ്യസ്വഭാവമുള്ള ധനകാര്യ വകുപ്പിന്റെ രേഖകൾ സർക്കാർ സർവ്വീസിൽ ഇല്ലാത്തവരെ ഏൽപ്പിച്ചത് അംഗീകരിക്കാൻ കഴിയില്ലെന്നും പ്രതിപക്ഷം പറഞ്ഞു. ധവളപത്രം ക്രമവിരുദ്ധമാണെന്ന് മുൻ ധനമന്ത്രി കെ എൻ ബാലഗോപാൽ കുറ്റപ്പെടുത്തി. അതേസമയം കേരളത്തിന്റെ സമ്പത് വ്യവസ്ഥയെക്കുറിച്ചുള്ള യഥാർത്ഥ ചിത്രമാണ് ധവളപത്രമമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ വ്യക്തമാക്കി. ധനവകുപ്പിന്റെ നേതൃത്വത്തിലാണ് ധവളപത്രം തയ്യാറാക്കിയതെന്നും മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ് ധവളപത്രം പുറത്തിറക്കിയതെന്നും അദ്ദേഹം സഭയിൽ അറിയിച്ചു.

(ഹോൾഡ് വോയ്സ്......)

PIU TVPM

സഭയിൽ വെച്ച ധനസ്ഥിതി റിപ്പോർട്ടിൽ ധനവകുപ്പിന്റെ ഫാക്ട് ചെക്കിങ്ങ് ഉണ്ടായില്ലെന്ന് ഗവർണറുടെ നന്ദി പ്രമേയത്തിന്മേലുള്ള ചർച്ചയിൽ പ്രതിപക്ഷ നേതാവ് പറഞ്ഞു. വ്യവസ്ഥാപിത നടപടി ക്രമങ്ങൾ പാലിക്കുന്നതിൽ വലിയ വീഴ്ചയുണ്ടായതായും അദ്ദേഹം പറഞ്ഞു.
*****************************

## ധവളപത്രം (ഇൻട്രോ)

കേരളത്തിന്റെ കടബാധ്യത 5.07 ലക്ഷം കോടിയെന്ന് സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച ധവളപത്രം. സംസ്ഥാന വരുമാനത്തിന്റെ 77 ശതമാനവും ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയ നിർബന്ധിത ചെലവുകൾക്കായി ചെലവാകുന്നതായും പരാമർശമുണ്ട്. വികസന പ്രവർത്തനങ്ങൾക്കുള്ള മൂലധന ചെലവ് രാജ്യത്തെ ഏറ്റവും താഴ്ന്ന നിരക്കുകളിൽ ഒന്നാണ്. ട്രഷറി പ്രതിസന്ധി രൂക്ഷമായി തുടരുന്നതായും ധവളപത്രത്തിൽ പറയുന്നു.

വിശദാംശങ്ങളിലേക്ക്......

*(ഹോൾഡ് വോയ്സ്.......)*

*സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ/ഡി.ആർ കുടിശ്ശികകൾ ഉൾപ്പെടെ 48,733 കോടിയുടെ കുടിശ്ശിക ബാധ്യതകൾ പുതിയ സർക്കാർ ഏറ്റെടുക്കുന്നതായും ധവളപത്രത്തിൽ വ്യക്തമാക്കുന്നു. കിഫ്ബിയ്ക്ക് ഏകദേശം 21,000 കോടിയുടെ വായ്പാബാധ്യത ബാക്കിയുണ്ട്. ഇതിന്റെ കടങ്ങൾ യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ കടങ്ങളാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ സഞ്ചിത നഷ്ടം 78,851 കോടി ആയി ഉയർന്നു. KSRTC, ജല അതോറിട്ടി തുടങ്ങിയ സ്ഥാപനങ്ങളാണ് വലിയ നഷ്ടത്തിന്*

RNU TVM

*കാരണം. പട്ടികജാതി, പട്ടികവർഗം, പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവർക്കുള്ള പദ്ധതിവിഹിതം കഴിഞ്ഞ വർഷങ്ങളിൽ ഗണ്യമായി കുറഞ്ഞു. സംസ്ഥാനത്തിന്റെ നികുതി വരുമാനവും കേന്ദ്ര സഹായവും പ്രതീക്ഷിച്ചതിലും കുറവായതിനാൽ സാമ്പത്തിക സമ്മർദ്ദം വർധിച്ചു. കേരളത്തിന്റെ ധനകാര്യ സ്ഥിതി ആശങ്കാജനകമാണെങ്കിലും, ദീർഘകാല പരിഹാരമായി സ്വകാര്യ നിക്ഷേപം, വ്യവസായ വികസനം, തൊഴിലവസര സൃഷ്ടി, അടിസ്ഥാനസൗകര്യ വികസനം എന്നിവ പ്രോത്സാഹിപ്പിക്കണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

*****************************

**രാജീവ് ചന്ദ്ര ശേഖർ**

സംസ്ഥാന സർക്കാർ കൊണ്ട് വന്ന പ്രമേയത്തെ എതിർക്കുന്നതായി നിയമസഭയിലെ ബിജെപി അംഗം രാജീവ് ചന്ദ്ര ശേഖർ. സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി ദുർബലമാണെന്നും അതിനു മാറ്റം കൊണ്ട് വന്നില്ലെങ്കിൽ ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞതെല്ലാം സ്വപ്നം മാത്രമാകുമെന്നും അദ്ദേഹം പറഞ്ഞു. ബജറ്റ് ചർച്ചയോടൊപ്പം ധവളപത്രത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്യണമെന്നും രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു .

*****************************

**കതിര് പദ്ധതി**

വിദ്യാർത്ഥികളിൽ കാർഷിക അവബോധം വളർത്തുന്നതിനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിനുമായി നടപ്പിലാക്കുന്ന 'കതിര്' പദ്ധതി

RNUTVPM

നാളെ മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കൃഷി വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ദീൻ ചടങ്ങിൽ വിദ്യാർഥികൾക്ക് പരിസ്ഥിതിദിന പ്രതിജ്ഞ ചൊല്ലിക്കൊടുക്കും.
*****************************

## മലയിടംതുരുത്ത്

എറണാകുളം മലയിടംതുരുത്ത് പര്യത്തുകാവ് ഉന്നതിയിലെ കുടിയൊഴിപ്പിക്കൽ നടപടികൾക്ക് കൂടുതൽ സമയം അനുവദിച്ച് ഹൈകോടതി. ജൂൺ 16 വരെയാണ് സമയം നീട്ടിനൽകിയത്. പെരുമ്പാവൂർ മുനിസിഫ് കോടതിയുടെ ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച ഹരജിയിലാണ് ഹൈകോടതിയുടെ പുതിയ ഉത്തരവ്. ജൂൺ 16ന് ഹർജി വീണ്ടും പരിഗണിക്കും. ഈ മാസം ഒമ്പതിനകം ഒഴിപ്പിക്കണമെന്നായിരുന്നു പെരുമ്പാവൂർ കോടതിയുടെ ഉത്തരവ്. ആലുവ റൂറൽ പോലീസാണ് വിഷയം അടിയന്തിരമായി പരിഗണിക്കാൻ ഹൈകോടതിയിൽ ഹർജി സമർപ്പിച്ചത്.
*****************************

## കേരള ഹൈക്കോടതി-ഇ ഡി ആക്രമണം

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ആരാഞ്ഞ് കേരള ഹൈക്കോടതി. പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ തിരുവനന്തപുരത്തെ വസതിയിൽ നടന്ന റെയ്ഡിന് ശേഷം തിരിച്ചിറങ്ങിയ ഇ ഡി ഉദ്യോഗസ്ഥർക്കുനേരെയാണ് ആക്രമണം ഉണ്ടായത്.
*****************************

RNU TVPM

## എച്ച് വൺ എൻ വൺ

കൊച്ചിയിൽ H1N1 ബാധിച്ച് വയോധിക മരിച്ചു. പാലാരിവട്ടം അഞ്ചുമന സ്വദേശി ലളിതാംബികയാണ് മരിച്ചത്. ശ്വാസതടസ്സത്തെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കഴിഞ്ഞ ദിവസമാണ് രോഗബാധ സ്ഥിരീകരിച്ചത്. കോർപറേഷൻ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെത്തി പരിശോധന ഊർജിതമാക്കി.
*****************************

## മഴ

സംസ്ഥാനത്ത് ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട മുതൽ തൃശൂർ വരെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. സംസ്ഥാനത്ത് പലയിടങ്ങളിലും ഇന്നലെ രാത്രി മുതൽ വ്യാപക മഴ അനുഭവപ്പെടുന്നുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം ഏഴ് വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.
*****************************

## ആലപ്പുഴ - മഴ (ഇൻട്രോ)

ആലപ്പുഴയിൽ കനത്ത മഴയിൽ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിലായി. നദികളിലും ജലനിരപ്പ് ഉയർന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ...**

(വോയിസ്)

*****************************

RNU TVPM

## പഴശ്ശി-ഷട്ടർ

മഴ ശക്തമാകുന്ന സാഹചര്യത്തിൽ പഴശ്ശി ഡാമിന്റെ രണ്ടു ഷട്ടറുകൾ തുറന്നു. ജലവിതാനം ക്രമീകരിക്കുന്നതിനാണ് ഷട്ടറുകൾ തുറന്നത്. ഡാമിന്റെ താഴെ ഭാഗത്ത് ഇരു കരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് നിർദേശമുണ്ട്.
*****************************

## ഇടുക്കി അപകടം

ഇടുക്കി പാമ്പനാറിൽ നിർമ്മാണത്തിലിരുന്ന അഞ്ചു നില കെട്ടിടം തകർന്നു വീണു. നിർമാണത്തിലെ അപാകതയാണ് അപകടകാരണമെന്നാണ് പ്രാഥമിക വിവരം. ആളപായമില്ല.

*****************************

## യോഗാസന സ്പോർട്ട്സ് ചാമ്പ്യൻഷിപ്പ്

PNU TVPM

പ്രഥമ ലോക യോഗാസന സ്പോർട്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് വൈകുന്നേരം ഗുജറാത്തിൽ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്ര മോദി ചാമ്പ്യൻഷിപ്പിൽ വെർച്വലായി പങ്കെടുക്കും. അഹമ്മദാബാദിലെ ട്രാൻസ്സ്റ്റേഡിയത്തിൽ 5 ദിവസങ്ങളിലായി നടക്കുന്ന ചാമ്പ്യൻഷിപ്പിൽ അമേരിക്ക ഉൾപ്പെടെ 60 രാജ്യങ്ങളിൽ നിന്നുള്ള 400-ലധികം താരങ്ങൾ പങ്കെടുക്കും.
*****************************

## സാഫ് വനിതാ ഫുട്ബോൾ

ഗോവയിൽ നടക്കുന്ന സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഫൈനലിൽ പ്രവേശിച്ച് ഇന്ത്യ. ഇന്നലെ നടന്ന സെമിയിൽ ഭൂട്ടാനെ എതിരില്ലാത്ത ഒരു ഗോളിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനൽ സ്ഥാനം ഉറപ്പിച്ചത്.

ശനിയാഴ്ച നടക്കുന്ന ഫൈനലിൽ ഇന്ത്യ, നിലവിലെ ചാമ്പ്യന്മാരായ ബംഗ്ലാദേശിനെ നേരിടും.
*****************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 72 പോയിന്റ് ഉയർന്നു 74,418 ലും, നിഫ്റ്റി 24 പോയിന്റ് നേട്ടത്തിൽ 23,429 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞു ഒരു ലക്ഷത്തി 14,480 രൂപയും, ഗ്രാമിന് 14,310 രൂപയുമാണ് ഇന്നത്തെ വില.
*****************************

## കൊട്ടിയൂർ വൈശാഖോത്സവം

കൊട്ടിയൂർ വൈശാഖോത്സവത്തിലെ ആരാധനകളിൽ ആദ്യത്തേതായ തിരുവോണം ആരാധന നാളെ നടക്കും. നാല് ആരാധനകളാണ് വൈശാഖോത്സവത്തിൽ ഉള്ളത്. തിരുവോണം ആരാധനയുടെ ഭാഗമായി ഉച്ചയ്ക്ക് പൊന്നിൻ ശീവേലിയും ആരാധന സദ്യയും ഉണ്ടാകും. ഞായറാഴ്ച ഇളനീർവെപ്പും തിങ്കളാഴ്ച ഇളനീരാട്ടവും അഷ്ടമി ആരാധനയും നടക്കും.
*****************************

RNU TVPM

## ഓപ്പറേഷൻ തൂഫാൻ

'തൂഫാൻ: ദ നാർക്കോ ഹണ്ട്' പദ്ധതിയുടെ ഭാഗമായി കൊച്ചി സിറ്റിയിൽ നടത്തിയ പരിശോധനയിൽ മൂന്ന് യുവാക്കൾ പിടിയിൽ. പ്രതികളിൽ നിന്നും 437.28 ഗ്രാം എം.ഡി.എം.എയും ആഡംബര കാറും ഒരു ലക്ഷം രൂപയും പിടിച്ചെടുത്തു. കൊച്ചി സിറ്റി ഡാൻസാഫ് സംഘമാണ് ഇവരെ പിടികൂടിയത്.
*****************************

## പരിസ്ഥിതിമിത്രം പുരസ്കാരം

സംസ്ഥാനതല പരിസ്ഥിതിമിത്രം പുരസ്കാരം ലോക പരിസ്ഥിതിദിനമായ നാളെ മുഖ്യമന്ത്രി വി. ഡി. സതീശൻ തിരുവനന്തപുരത്തു വിതരണം ചെയ്യും. പരിസ്ഥിതി സംരക്ഷണ രംഗത്തു ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന വ്യക്തികൾ, സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെ ആദരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ളതാണ് ഈ പുരസ്കാരം.
*****************************

## കോട്ടയം-ഗതാഗതകുരുക്ക്

കോട്ടയം നഗരത്തിലെ ഗതാഗതകുരുക്ക് പരിഹരിക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സമിതി വിവിധ കേന്ദ്രങ്ങളിൽ നടത്തുന്ന പരിശോധന ഇന്ന്. എം.സി റോഡിൽ ചിങ്ങവനം മുതൽ സംക്രാന്തി വരെയുള്ള ഇടങ്ങളിൽ നിലവിലെ ഗതാഗത സാഹചര്യം വിലയിരുത്തുന്നതിനാണ് പരിശോധന.

*

*************

********************************************

RNUTVPM